**പച്ചക്കറി വണ്ടിയും പാള കൊണ്ടുള്ള ഗ്രോ ബാഗ് നിർമാണവും മൈക്രോ ഗ്രീൻ അടുക്കളത്തോട്ടം ക്യാമ്പയിനും കൃഷിയുമായി ബന്ധപ്പെട്ട മത്സരങ്ങളുമായി കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷൻ**

കൊറോണ രോഗ വ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ ഈ കാലം  പ്രയോജനപ്രദമായി വിനിയോഗിക്കുന്നതിനും മറ്റുമായി ജില്ലയിലെ കാർഷിക മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ ആണ് കുടുംബശ്രീ തൃശൂർ ജില്ലാ മിഷൻ സംഘടിപ്പിക്കുന്നത്. 'പച്ചക്കറി വണ്ടി ഇനി വീട്ടുമുറ്റത്തു' എന്ന പദ്ധതിയിലൂടെ കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകൾ ഉത്പാദിപ്പിച്ച പച്ചക്കറികൾ ജനങ്ങളിലേക് വിൽപനക്കായി എത്തുന്നു. പാള കൊണ്ട് ഗ്രോ ബാഗ് നിർമിക്കാനുള്ള പരിശീലനവും അയൽക്കൂട്ട അംഗങ്ങൾക്ക് നൽകിയിരുന്നു.  മൈക്രോ ഗ്രീൻ അടുക്കള തോട്ടം നിർമിക്കാൻ ഉള്ള ക്യാമ്പയിനും 'അനുഭവത്തിലെ  കൃഷി മന്ത്രങ്ങൾ' എന്ന പേരിൽ കൃഷിയുമായി ബന്ധപ്പെട്ട മത്സരങ്ങളും അയൽക്കൂട്ട അംഗങ്ങൾക്കായി സംഘടിപ്പിക്കുന്നു.

സംഘകൃഷി ഗ്രൂപ്പുകൾക് വിളവെടുക്കുന്നതിലും പച്ചക്കറി വിപണനം ചെയ്യുന്നതിലും ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വന്ന സാഹചര്യത്തിലാണ് 'പച്ചക്കറി വണ്ടി ഇനി വീട്ടുമുറ്റത്തു' എന്ന പദ്ധതി ജില്ലാ മിഷൻ നടപ്പിലാക്കിയത്. വിഷരഹിത പച്ചക്കറി വീട്ടു മുറ്റത്തു ലഭിക്കും എന്നതിനാൽ മികച്ച പ്രതികരണം ആണ് ജനങ്ങളിൽ നിന്നും ഈ പദ്ധതിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. വാട്സപ്പിലൂടെ നിരവധി ടാസ്കുകളാണ് ജില്ലാ മിഷൻ അയൽക്കൂട്ട അംഗങ്ങൾക്ക് നൽകുന്നത്. പാള കൊണ്ടുള്ള ഗ്രോ ബാഗ് നിർമാണം അതിൽ ഒന്നാണ്.  ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങൾ ഈ പ്രവർത്തനം ഏറ്റെടുത്തു വിജയിപ്പിച്ചു. പ്രകൃതിദത്തമായ വസ്തുക്കൾ

ഉപയോഗപ്പെടുത്തുന്നത്തിന്റെ ഭാഗമായാണ് വാട്സാപ്പ് വഴി ഗ്രോ ബാഗ് ഉണ്ടാക്കാനുള്ള പരിശീലനം നൽകിയത്. ജില്ലയിൽ കവുങ്ങിൻ പാളകൾ സുഗമമായി ലഭിക്കുന്നതിനാൽ ധാരാളം അയൽക്കൂട്ട അംഗങ്ങൾ പാള കൊണ്ട് ഗ്രോ ബാഗുകൾ നിർമിച്ചു. മൈക്രോ ഗ്രീൻ അടുക്കളത്തോട്ടം ക്യാമ്പയിൻ ആയിരുന്നു മറ്റൊരു പ്രവർത്തനം. ഒരു ട്രേയും കുറച്ചു കോട്ടൺ തുണിയും അല്ലെങ്കിൽ ടിഷ്യു പേപ്പറും ഉപയോഗിച്ചാണ് മൈക്രോ ഗ്രീൻ അടുക്കളത്തോട്ടം തയ്യാറാക്കുക. ഇതിനുള്ള നിർദേശവും അയൽക്കൂട്ട അംഗങ്ങൾക്ക് നൽകിയിരുന്നു. ഇലക്കറികൾ രോഗപ്രതിരോധ ശേഷി കൂട്ടും എന്നതിനാൽ കോവിഡ് പ്രതിരോധത്തിന് പുതിയൊരു മാതൃക സൃഷ്ടിക്കുവാൻ ഇത് വഴി ജില്ല മിഷന് സാധിച്ചു.

ഇതിടൊപ്പം കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കോവിഡ് കാലത്തെ കൃഷി അനുഭവങ്ങൾ, നാടൻ പാട്ടുകൾ, കാർട്ടൂണുകൾ കഥ കവിത തുടങ്ങിയവ അയൽക്കൂട്ടങ്ങളിൽ നിന്നും വീഡിയോ മുഖേനയും ഓഡിയോ മുഖേനയും കുറിപ്പുകളായി ശേഖരിക്കുകയും ജില്ലയുടെ യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്യുവാനും മികച്ച കുറിപ്പുകൾ 'അനുഭവത്തിലെ കൃഷി മന്ത്രങ്ങൾ' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കാനും ജില്ല മിഷന് പദ്ധതിയുണ്ട്. കൊറോണ കാലത്തെ വിഷു കൈനീട്ടം എന്ന പേരിൽ ജില്ലയിലെ സംഘകൃഷി ഗ്രൂപ്പുകൾ ഉത്പാദിപ്പിച്ച പച്ചക്കറികൾ വാങ്ങി അവ ജില്ലയിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കൈനീട്ടമായും കുടുംബശ്രീ തൃശൂർ ജില്ല മിഷൻ നൽകിയിരുന്നു. ഈ പ്രതിസന്ധികാലത്തും ഇത്തരം നിരവധി പ്രവർത്തങ്ങൾ ആണ് കാർഷിക മേഖലയിൽ കുടുംബശ്രീ തൃശൂർ ജില്ല മിഷൻ നടപ്പാക്കി വരുന്നത്. ഇത്തരത്തിൽ മികച്ച ഒരു മാതൃകയാണ് കുടുംബശ്രീ തൃശൂർ ജില്ല മിഷൻ സൃഷ്ടിക്കുന്നത്.